അടിയന്തിരം

"ഭരണഭാഷാ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: ജി1/18750/16 (2)

ചാക്ക, തിരുവനന്തപുരം
തീയതി: 18/01/2017

## ചുറ്ററിയിപ്പ്

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് - അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഫെബ്രുവരി 2017 (സെമസ്റ്റർ സ്കീം) - എം.ഐ.എസ്. - ഹാൾടിക്കറ്റുകൾ പ്രിൻറ് എടുക്കുന്നത് - സംബന്ധിച്ച്

ആഗസ്റ്റ് 2014 ൽ എം.ഐ.എസ്. പോർട്ടൽ മുഖേന അഡ്മിഷൻ നേടിയ ട്രെയിനികൾക്ക് ഒന്നാം സെമസ്റ്റർ (സപ്ലിമെൻററി), രണ്ടാം സെമസ്റ്റർ (സപ്ലിമെൻററി), മൂന്നാം സെമസ്റ്റർ (സപ്ലിമെൻററി), നാലാം സെമസ്റ്റർ (സപ്ലിമെൻററി) പരീക്ഷകളും ആഗസ്റ്റ് 2015 ൽ എം.ഐ.എസ്. പോർട്ടൽ മുഖേന അഡ്മിഷൻ നേടിയ ട്രെയിനികൾക്ക് ഒന്നാം സെമസ്റ്റർ (സപ്ലിമെൻററി), രണ്ടാം സെമസ്റ്റർ (സപ്ലിമെൻററി), മൂന്നാം സെമസ്റ്റർ (റഗുലർ) പരീക്ഷകളും ആഗസ്റ്റ് 2016 ൽ എം.ഐ.എസ്. പോർട്ടൽ മുഖേന അഡ്മിഷൻ നേടിയ ട്രെയിനികൾക്ക് ഒന്നാം സെമസ്റ്റർ (റഗുലർ) എഴുതുന്നതിന് വേണ്ടിയുള്ള ഹാൾ ടിക്കറ്റുകൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് നേരിട്ട് എം.ഐ.എസ്. പോർട്ടലിൽ നിന്ന് **27-01-2017 മുതൽ** പ്രിൻറ് എടുക്കാവുന്നതാണ്. ഇപ്രകാരം പ്രിൻറ് എടുത്ത ഹാൾ ടിക്കറ്റുകൾ **ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ മുൻപാകെ മേലൊപ്പ് രേഖപ്പെടുത്തുന്നതിന് താഴെ പറയുന്ന രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.**

- പരീക്ഷാ വിജ്ഞാപനത്തിൽ സൂചിപ്പിച്ചിട്ടുള്ളതും നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ മാർ മേലൊപ്പ് ചാർത്തി നൽകിയതുമായ അനുബന്ധം 1 പ്രകാരമുള്ള പട്ടിക
- ട്രെയിനികളുടെ ഫീസ് നോഡൽ ഐ.ടി.ഐ. യിൽ ഹാജരാക്കിയപ്പോൾ ലഭിച്ച് കൈപ്പറ്റ് രസീത്
- പ്രിൻറ് എടുത്ത ഹാൾ ടിക്കറ്റിൽ ട്രെയിനികളുടെ ഫോട്ടോ ഇല്ലായെങ്കിൽ ട്രെയിനിയുടെ ഫോട്ടോ ഹാൾ ടിക്കറ്റുകളിൽ പതിപ്പിക്കുകയും ടി ഫോട്ടോയുടെ പുറത്ത് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ഒപ്പ് ചാർത്തി സ്ഥാപനത്തിൻെറ മുദ്ര പതിപ്പിക്കേണ്ടതുമാണ്. കൂടാതെ ഇപ്രകാരമുള്ള ട്രെയിനികളുടെ ഐഡൻറിറ്റി തെളിയിക്കുന്നതിന് ഫോട്ടോ പതിപ്പിച്ച ഐ.ഡി. കാർഡോ, ഹാൾ ടിക്കറ്റ് ഇഷ്യു രജിസ്റ്ററോ ഹാജരാക്കേണ്ടതാണ്.

നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ മുകളിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ രേഖകളും പരിശോധിച്ച് അപേക്ഷ നൽകിയ ട്രെയിനികൾക്കുള്ള ഹാൾ ടിക്കറ്റുകളിൽ മേലൊപ്പ് ചാർത്തി നൽകേണ്ടതാണ്. **ഇപ്രകാരം നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ മേലൊപ്പ് ചാർത്തിയ ഹാൾ ടിക്കറ്റുകൾ മാത്രമേ ട്രെയിനികൾക്ക് വിതരണം നടത്താവു എന്ന് എല്ലാ പ്രിൻസിപ്പാൾമാർക്കും കർശന നിർദ്ദേശം നൽകുന്നു. ഇപ്രകാരം നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ മേലോപ്പ് ചാർത്തിയ ഹാൾ ടിക്കറ്റുമായി ഹാജരാകുന്ന ട്രെയിനികളെ മാത്രമേ പരീക്ഷ എഴുതുവാൻ അനുവദിക്കുകയുള്ളു. എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.** ഓരോ സെമസ്റ്റർ പരീക്ഷയ്ക്കും ഉള്ള ഹാൾ ടിക്കറ്റുകൾ പ്രത്യേകം പരിശോധിച്ച് നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ മേലൊപ്പ് ചാർത്തേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കെതിരെ കർശന വകുപ്പുതല അച്ചടക്ക നടപടികൾ എടുക്കുന്നതാണ്.

2014 വർഷം പുറത്തിറക്കിയ ട്രെയിനിംഗ് മാനുവലിലെ രണ്ടാമത്തെ അദ്ധ്യായം പത്താം ഖണ്ഡികയിലെ രണ്ടാം ഉപഖണ്ഡിക പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മിനിമം നിർബന്ധിത ഹാജർ പ്രകാരമുള്ള ട്രെയിനികൾക്ക് മാത്രമേ ഹാൾ ടിക്കറ്റുകൾ വിതരണം നടത്താവു എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. ഇതിൽ എന്തെങ്കിലും വീഴ്ച സംഭവിക്കുന്ന പക്ഷം ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതായിരിക്കും.

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

എല്ലാ സർക്കാർ/എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ.
പ്രിൻസിപ്പാൾമാർക്ക്

എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്കും (ടി നടപടി ക്രമങ്ങൾ സമയ ബന്ധിതമായി നിർവഹിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്)

പകർപ്പ്
വകുപ്പ് വെബ് സൈറ്റിലേയ്ക്ക്

S/19.01